# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

07.12.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2957

### തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരത്തിലെ വഴുതക്കാട്, മേലാറന്നൂർ ഫോർട്ട്, പുളിമൂട്, ജി.പി.ഒ, തമ്പാനൂർ, ചെമ്പകനഗർ (ബേക്കറി ജംഗ്ഷൻ) ഭാഗങ്ങളിലെ കുടി വെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിലേയ്ക്കായി എന്തെങ്കിലും പുതിയ പദ്ധതി പരിഗണനയിലുണ്ടോ ; | (എ) | പ്രസ്തുത പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ആവശ്യമായ ഇന്റർ കണക്ഷനുകൾ നടത്തി പ്രശ്നം പരിഹരിച്ചിട്ടുണ്ട്. കൂടാതെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 4 പ്രവൃത്തികളും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തിയും അനുവദിച്ചിട്ടുണ്ട്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ടി പ്രവൃത്തിയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ബി) | തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം സ്ഥായിയായി പരിഹരിക്കുന്നതിന് നെയ്യാർ ഡാമിൽ നിന്നും ജലം എത്തിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; പ്രസ്തുത പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | (ബി) | ഈ പദ്ധതിയിലൂടെ 100 MLD ശുദ്ധജലം തിരുവനന്തപുരത്തും, 20 MLD ശുദ്ധജലം മറുകിൽ, മാറനല്ലൂർ, വിളപ്പിൽ, മലയിൻകീഴ് പഞ്ചായത്തുകൾക്കും ലഭ്യമാകും. ടി പദ്ധതിയുടെ ജലശുദ്ധീകരണശാല നിർമിക്കുന്നതിനായി 60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ജലശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ കേരള വാട്ടർ അതോറിറ്റിയിൽ പുരോഗമിക്കുന്നു. കൂടാതെ, ടി ജലശുദ്ധീകരണശാലയിൽ നിന്നും പി.ടി.പി ജലസംഭരണിയിലേക്കു ശുദ്ധജലമെത്തിക്കുന്നതിനുള്ള 1422 മില്ലി മീറ്റർ വ്യാസമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള എൻജിനീയറിങ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## Details of work

| Sl.No | Name of work | AS Amount |
|---|---|---|
| | ***Amrut*** | **Rs. in Lakh** |
| 1 | Replacing old AC main with 140mm,110mm and 90mm PVC pipes along Sree Rangam Lane , Elankom gardens ,Judge lane in Shasthamangalam ward | 79.88 |
| 2 | Replacing old AC service main pipes with110mm, 90mm,UPVC Pipes at CSM Nagar in Vazhuthacaud ward, Thiruvananthapuram | 44.3 |
| 3 | Replacing old pipes with 110mm PVC pipes along Gandhi Nagar Lane Tagore Nagar in Vazhuthacaud ward, Thiruvananthapuram | 12.67 |
| 4 | Replacing old AC service main pipes with110mm, 90mm,UPVC Pipes atUdarasiromony road and Palottukonam in Vazhuthacaud ward, Thiruvananthapuram | 63.84 |
| | **State Plan** | |
| 1 | 09-UWSS-2015-16-Extension of water supply line to Chempaka Nagar , Bakery Junction , near Ootukuzhy in Vazhuthacaud ward, Thiruvananthapuram | 3.06 |
| | **Total** | **203.75** |

Section Officer